(ബി) ഈ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ വളരെയധികം കാലതാമസം വരുത്തുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതേപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്യുന്നിലവിലിരുന്ന മൂന്ന സഹകരണസംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനി സഹകരണസംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ക്ഷയരോഗികളുടെ വർദ്ധനവ്.

* 435. [4] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് ക്ഷയരോഗികളുടെ എണ്ണം ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തി ഗവണ്മെൻറ് എന്തെല്ലാം കൂടുതൽ ചികിത്സാസൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) ഒന്നിനൊന്നു വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിനു് അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു്.

* 436. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്കു് അടിയന്തിരമായ ആശ്വാസം നൽകുന്നതിനുവേണ്ടി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല കടവായ്പകൾ അനുവദിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): കൃഷിക്കാർക്കു കൃഷിയിറക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ ഹ്രസ്വകാല കടവായ്പകൾ കുറഞ്ഞ പലിശനിരക്കിൽ സഹകരണസ്ഥാപനങ്ങൾ മുഖേന കൊടുക്കാൻ ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly